**പതിനാലാം കേരളനിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *23** **26.09.2016-ൽ മറുപടിക്ക്**

## സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്ക് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.എസ്. ശബരീനാഥൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എം. വിൻസെന്റ്<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) സംസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്ക് എന്തെല്ലാം കർമ്മ പദ്ധതികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി പിങ്ക് പോലീസ് പട്രോൾ, ഓപ്പറേഷൻ വാത്സല്യ, നിർഭയ കേരളം സുരക്ഷിത കേരളം എന്നീ കർമ്മ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>**പിങ്ക് പോലീസ് പട്രോൾ**<br>സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ കണ്ടെത്തി തടയുന്നതിന് അത്യാധുനിക സാങ്കേതിക സംവിധാനങ്ങളുള്ള വാഹനങ്ങളിൽ വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന പിങ്ക് പോലീസ് അത്യാവശ്യഘട്ടങ്ങളിൽ സ്ത്രീകൾക്ക് സഹായത്തിനും, വിവരങ്ങൾ അറിയിക്കുന്നതിനും 1515 എന്ന നമ്പരിലേയ്ക്ക് വിളിക്കുന്നതിനും, ഏത് അടിയന്തര സാഹചര്യവും നേരിടുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. പൊതുസ്ഥലങ്ങൾ, സ്കൂൾ, കോളേജ്, ഓഫീസുകൾ, ലേഡീസ് ഹോസ്റ്റലുകൾ, ആരാധനാലയങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലും പിങ്ക് പട്രോൾ സംഘം പട്രോളിങ് നടത്തി വരുന്നു. വിവിധ കേന്ദ്രങ്ങളിൽ വിന്യസിച്ചിരിക്കുന്ന പിങ്ക് ബീറ്റ് ഓഫീസർമാർക്ക് ആവശ്യമായ സഹായങ്ങളും പിങ്ക് പട്രോൾ സംഘം നൽകി വരുന്നു. ജിഐഎസ്-ജിപിഎസ് സംവിധാനം ഉപയോഗിച്ച് കൃത്യമായി സ്ഥലം കണ്ടെത്തി വേഗത്തിൽ പോലീസ് സഹായം എത്തിക്കുന്നതിന് സാധിക്കുന്ന software ആണ് ടി വാഹനത്തിൽ ഉപയോഗിക്കുന്നത്.<br><br>**ഓപ്പറേഷൻ വാത്സല്യ**<br>കാണാതാകുന്ന കുട്ടികളെ കണ്ടെത്തുന്നതിനായി കേരള സംസ്ഥാന ആഭ്യന്തര വകുപ്പിന്റെയും സാമൂഹ്യ നീതി വകുപ്പിന്റെയും ജില്ലാ ഭരണകൂടത്തിന്റെയും സഹകരണത്തോടെ ഓപ്പറേഷൻ വാത്സല്യ എന്ന പേരിൽ ഒരു തീവ്ര യജ്ഞ പരിപാടി ആരംഭിച്ചിട്ടുണ്ട്.<br><br>**നിർഭയ കേരളം സുരക്ഷിത കേരളം**<br>സ്ത്രീകൾക്കും, കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് നിർഭയ കേരളം സുരക്ഷിത കേരളം എന്ന പദ്ധതി സംസ്ഥാന പോലീസ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. സ്കൂൾ-കോളേജ് ക്യാമ്പസുകളിൽ പെൺകുട്ടികൾക്ക് അപ്രതീക്ഷിതവും പ്രതികൂലവുമായ സാഹചര്യങ്ങളെ തന്റേടത്തോടെ നേരിടുന്നതിനും, കുറ്റകൃത്യങ്ങൾക്കെതിരെ പ്രതികരിക്കാനുമുള്ള പരിശീലനവും, അവബോധവും നൽകുന്നതും ആണ് ഈ പദ്ധതിയുടെ ലക്ഷ്യം. |

ആയതിന്റെ ഭാഗമായി ബോധവൽക്കരണ ക്ലാസുകളും വുമൺ സെൽഫ് ഡിഫൻസ് ടെക്നിക് (WSDT) പരിശീലനവും കൊടുത്തു വരുന്നു. സ്ത്രീകളെയും, കുട്ടികളെയും ഭിക്ഷാടനത്തിനും, വേശ്യാവൃത്തിയ്ക്കുമായി കടത്തി കൊണ്ടുപോകുന്നത് കണ്ടെത്തുന്നതിനും, നിയന്ത്രിക്കുന്നതിനുമായി Anti Human Trafficking Unit-കൾ (AHTU) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. Anti Human Trafficking Unit-ന്റെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം സ്പെഷ്യൽ ഡ്രൈവുകൾ നടത്തിയും, ജനങ്ങളെ ബോധവത്കരിച്ചും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ഫലപ്രദമായി തടയുന്നു. കൂടാതെ രാത്രികാല ചെക്കിംഗും, ബസ്-സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ മറ്റ് തിരക്കുള്ള സ്ഥലങ്ങൾ എന്നിവ കേന്ദ്രീകരിച്ച് വനിതാ പോലീസ് കോൺസ്റ്റബിൾമാർ ഇത്തരം സംഭവങ്ങൾ നിയന്ത്രിക്കുന്നതിനായി ജാഗ്രത പുലർത്തി വരുന്നു. സ്ത്രീകൾ ആക്രമിക്കപ്പെടുന്ന വേളകളിൽ സമയോചിതമായി പോലീസ് സഹായം ഉറപ്പാക്കുന്നതിന് വനിതാ പോലീസ് ഓഫീസർമാരെ സ്വതന്ത്ര ചുമതലയുള്ള എസ്.എച്ച്.ഒ-മാരാക്കി ഏതാനും പോലീസ് സ്റ്റേഷനുകളിൽ നിയമിച്ചിട്ടുണ്ട്. ഇത് വനിതകളെ ശാക്തീകരിക്കുന്നതിനും, ആത്മവിശ്വാസത്തോടെ പോലീസ് സഹായം തേടുന്നതിന് കരുത്ത് പകരുന്നതുമാണ്.

(ബി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ ഉണ്ടാകുന്ന അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്താൽ ഉടൻതന്നെ കേസ് ചാർജ്ജ് ചെയ്യാനും അവ കോടതിയിൽ എത്തിച്ച് പരമാവധി ശിക്ഷ നൽകുവാനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ;

(ബി) സ്ത്രീകൾക്കും, കുട്ടികൾക്കുമെതിരായി ഉണ്ടാകുന്ന അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്താൽ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വകുപ്പുകൾ, POCSO Act, Juvenile Justice Act, Domestic Violence Act തുടങ്ങിയ നിയമപ്രകാരം കേസുകൾ രജിസ്റ്റർ ചെയ്യുന്നതിനും സ്ത്രീകളുടെയും, കുട്ടികളുടെയും ഇരകൾ ആയിട്ടുള്ളവരുടെ മൊഴി വനിതാ പോലീസ് ഉദ്യോഗസ്ഥർ മുഖാന്തിരം രേഖപ്പെടുത്തുന്നതിനും, കേസുകളുടെ പ്രാഥമിക നടത്തിപ്പിനും മറ്റുമായി Victim support scheme മുഖേന സാമ്പത്തിക സഹായം നൽകിയും കേസുകളിൽ ജാഗ്രതാ പൂർവ്വം അന്വേഷണം നടത്തി കേസ് ചാർജ്ജ് ചെയ്ത് കോടതിയിൽ എത്തിച്ച് പരമാവധി ശിക്ഷ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ലൈംഗിക അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യാൻ 24 മണിക്കൂർ പ്രവർത്തിക്കുന്ന നിർഭയ ടോൾ ഫ്രീ ഹെൽപ്പ് ലൈൻ 1800 425 1400 പ്രവർത്തിപ്പിച്ചു വരുന്നു.

(സി) ഇത്തരം കേസ്സുകളിൽ പ്രോസിക്യൂഷന്റെ ഭാഗത്തു നിന്നും ഉണ്ടാകുന്ന വീഴ്ചകളിൽ എന്ത് കർശന നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കുമോ?

(സി) പ്രോസിക്യൂഷന്റെ ഭാഗത്തുനിന്നും ബോധപൂർവ്വമായ വീഴ്ചയുണ്ടായതായി ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും ഇത്തരം കേസുകൾ കൈകാര്യം ചെയ്യുന്നതിൽ പ്രോസിക്യൂഷൻ അതീവ ജാഗ്രത പുലർത്തണമെന്നും ഇരകളായവർക്ക് നീതിയും, കുറ്റവാളികൾക്ക് നിയമം അനുശാസിക്കുംവിധം പരമാവധി ശിക്ഷയും വാങ്ങിക്കൊടുക്കണമെന്നതാണ് സർക്കാർ നയം. ഇതിനു വിരുദ്ധമായി പ്രോസിക്യൂഷന്റെ ഭാഗത്തുനിന്നും ഒറ്റപ്പെട്ട എന്തെങ്കിലും വീഴ്ച ഉണ്ടായതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം അക്കാര്യം പ്രത്യേകമായി പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ